# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 266 04.02.2013-ൽ മറുപടി**

**ചന്ദ്രശേഖരൻ വധക്കേസ്**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ കെ. ദാസൻ | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ അന്വേഷണ ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ പോലീസ് ഉദ്യോഗസ്ഥരും പബ്ലിക് പ്രോസിക്യൂട്ടറും, ഏതാനും സാക്ഷികളേയും കൂട്ടി സംഭവ സ്ഥലമായ വള്ളിക്കാട്ടിലും, ഓർക്കാട്ടേരിയിലും സന്ദർശനം നടത്തുകയുണ്ടായോ ; | (എ) | കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായ ഡി.വൈ.എസ്.പി. ശ്രീ. കെ. വി. സന്തോഷും, അന്വേഷണ സംഘാംഗമായ ഡി.വൈ.എസ്.പി. ശ്രീ. ജോസി ചെറിയാനും, അഡീഷണൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. കെ. കുമാരൻകുട്ടിയും സംഭവസ്ഥലമായ വള്ളിക്കാട്ട് സന്ദർശിച്ചിരുന്നു. കേസിലെ സാക്ഷികളെ സംഭവ സ്ഥലത്തേക്ക് കൊണ്ടുപോയിട്ടില്ല. |
| ബി) പോലീസ് അന്വേഷണം നടത്തി കുറ്റപത്രം കോടതിയിൽ സമർപ്പിച്ച്, വിചാരണ ആരംഭിക്കാനിരിക്കെ, സാക്ഷികളേയും കൂട്ടി സംഭവസ്ഥലങ്ങൾ സന്ദർശിച്ചത്, എന്തിനു വേണ്ടിയായിരുന്നു എന്നു 2013, ജനുവരി 6-ന് വള്ളിക്കാട്ടും, ഓർക്കാട്ടേരിയിലും സന്ദർശനം നടത്തിയ അന്വേഷണ സംഘത്തിൽ ആരെല്ലാം ഉണ്ടായിരുന്നുവെന്നും വിശദമാക്കുമോ ; | (ബി) | സാക്ഷികളെക്കൂട്ടി സംഭവസ്ഥലം സന്ദർശിച്ചിട്ടില്ല. അന്വേഷണ സംഘത്തിൽ ഡി.വൈ.എസ്.പി. മാരായ ശ്രീ. കെ. വി. സന്തോഷ്, അന്വേഷണ സംഘാംഗമായ ഡി.വൈ.എസ്.പി. ശ്രീ. ജോസി ചെറിയാൻ, അഡീഷണൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. കെ. കുമാരൻകുട്ടി എന്നിവരാണ് ഉണ്ടായിരുന്നത്. |
| സി) ഈ സന്ദർശനം ചിത്രീകരിച്ചെന്ന് ആരോപിച്ച് ആരുടെയെങ്കിലും മൊബൈൽ ഫോൺ ഡി.വൈ.എസ്.പി ജോസി ചെറിയാൻ തട്ടിയെടുക്കുകയുണ്ടായോ ; എങ്കിൽ, ഫോൺ ആരുടേതായിരുന്നു ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) ഇത് സംബന്ധിച്ച് ഫോണിന്റെ ഉടമ നല്കിയ സ്വകാര്യ അന്യായത്തിൽ വടകര മജിസ്ട്രേറ്റ് നല്കിയ ഉത്തരവ് എന്തായിരുന്നു; ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ? | (ഡി) | വടകര ഡി.വൈ.എസ്.പി ശ്രീ. ജോസി ചെറിയാന്റെ ഓഫീസിലും ഔദ്യോഗിക വസതിയിലും പരിശോധന നടത്തുകയും തട്ടിയെടുത്തതായി പറയപ്പെടുന്ന ഫോൺ കണ്ടെത്തി കോടതിയിൽ ഹാജരാക്കുകയും വേണം എന്നതാണ് ബഹു. കോടതി നൽകിയ ഉത്തരവ്. ബഹു. വടകര ഒന്നാം ക്ലാസ് മജിസ്ട്രേട്ടിന്റെ 09.01.2013- ലെ സെർച്ച് വാറണ്ട് പ്രകാരം കോഴിക്കോട് റൂറൽ ഭരണ വിഭാഗം ഡി.വൈ.എസ്.പി, വടകര ഡി.വൈ.എസ്.പി. ശ്രീ ജോസി ചെറിയാന്റെ ഓഫീസിലും ഔദ്യോഗിക വസതിയിലും 09.01.2013 - ൽ തന്നെ സർച്ച് നടത്തിയിട്ടുള്ളതാണ്. പ്രസ്തുത സർച്ചിൽ മൊബൈൽ ഫോൺ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതും ആയത് സംബന്ധിച്ച് റിപ്പോർട്ട് ബഹു. കോടതിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ